**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ഡോ. ജീജ വിജയൻ, അസിസ്റ്റന്റ് സർജൻ- ശൂന്യവേതനാവധിയിലുള്ള സീനിയർ റസിഡൻസിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം: 1. Circular No.44/2022/FIN dtd 09.06.2022
2. മേലെഴുത്ത് നം. ഇ.ബി3- 65778/2022/ആ.വ.ഡ തീയതി 03.10.2022

**ഉത്തരവ് നം. ഇ.എ2- 555/2022/ആ.വ.ഡ തീയതി 11.10.2022**

ശൂന്യ വേതനാവധിയിലുള്ള സീനിയർ റസിഡൻസിക്കു ശേഷം അസിസ്റ്റന്റ് സർജനായ ഡോ. ജീജ വിജയനെ ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിപ്പിക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. ജീജ വിജയൻ, അസിസ്റ്റന്റ് സർജനെ അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി **ഇടുക്കി പീരുമേട് താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി** നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു. ടിയാൾ **13.10.2022** തീയതിയ്ക്കകം ജോലിയിൽ തിരികെ പ്രവേശിച്ച ശേഷം പരാമർശം (1) പ്രകാരം ജോലിയിൽ നിന്നും വിട്ടു നിന്ന കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിയ്ക്കുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സമർപ്പിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. പ്രീത.പി.പി**
**അഡീഷണൽ ഡയറക്ടർ (ടി ബി)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. ജീജ വിജയൻ, അസിസ്റ്റന്റ് സർജൻ

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഇടുക്കി
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി പീരുമേട്, ഇടുക്കി
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**